മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ഇതു സംബന്ധിച്ച് പരാതികളൊന്നും രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി&ഡി) ഈ കാര്യത്തിൽ പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ച് വരികയാണ്.

(ഇ) ഇതു സംബന്ധിച്ച് പരാതികളൊന്നും രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല.

ക്രീമിലെയർ പ്രശ്നത്തിലെ സുപ്രീംകോടതി വിധിയിൻമേലുള്ള തുടർനടപടി

8 (*30) ശ്രീ. മാമ്മൻ മത്തായി :
ശ്രീ കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ പ്രശ്നത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി ഈ വിഷയത്തിൻമേൽ പുറപ്പെടുവിച്ച വിധിക്കുശേഷം സംസ്ഥാനത്തെ ഉദ്യോഗ നിയമനങ്ങൾ മരവിപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഈ കാര്യത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ഡി) ഉദ്യോഗനിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷന് നൽകിയ കണക്കുകളിൽ അപാകതയുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഇതു സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ക്രീമിലെയർ പ്രശനം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി) മരവിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്†. സുപ്രീംകോടതി ഉത്തരവനുസരിച്ച് ജസ്റ്റീസ് കെ. ജെ. ജോസഫ് അദ്ധ്യക്ഷനായുള്ള ഉന്നതാധികാര കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിലും മറ്റും നിയമനം തുടർന്നു നടത്താൻ 16-2-2000-ലെ ജി.ഒ. പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പരാതികളൊന്നും രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) ഈ കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീ. എം. വി. ജയരാജൻ : സംസ്ഥാനത്ത് ക്രീമിലെയർ ഇല്ലായെന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് വ്യക്തമാക്കിയിരുന്നത്. അങ്ങനെ മുൻഗവൺമെന്റ് ക്രീമിലെയർ ഇല്ലായെന്ന് കണ്ടെത്തുന്ന സമയത്ത്, എന്തെങ്കിലും വസ്തുതകളുടെ അടിസ്ഥാനത്തിലാണോ അത്തരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : വസ്തുതാപഠനം നടത്തിയതായി ഇവിടെ രേഖകളൊന്നുമില്ല.

ശ്രീ. എം. വി. ജയരാജൻ : ക്രീമീലെയർ കേസിൽ സുപ്രീംകോടതി വിധി സർക്കാരിന് എതിരായതിന് പ്രധാനകാരണം മുൻഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള സംവരണ സംരക്ഷണ നിയമമാണെന്ന കാര്യമല്ലേ ശരി ?

ശ്രീ. ഇ. കെ. നായനാർ : പ്രശ്നത്തിന്റെ എല്ലാവശങ്ങളും കണക്കിലെടുക്കാതെ നടത്തിയ നിയമനിർമ്മാണത്തിന്റെ ഭരണഘടനാപരമായ സാധുതയില്ലായ്മ കൊണ്ടാണ് സുപ്രീംകോടതി നിയമം റദ്ദാക്കിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രി. ടി. കെ. ബാലൻ : സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യ, സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് പഠിക്കാൻ വേണ്ടി മുൻഗവൺമെന്റുകൾ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമായിരുന്നു. ശ്രമം നടത്തിയതായി ഒരു രേഖയും എന്റെ കൈയിലില്ല, ഗവൺമെന്റിലുമില്ല.

ശ്രി. ടി. കെ. ബാലൻ : കോടതിവിധിയെത്തുടർന്ന് നിയമനം നിർത്തിവച്ച കാലയളവിൽ സമയപരിധി കഴിഞ്ഞ് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റുകൾ നഷ്ടപ്പെട്ട അത്രയും സമയം ഇനിയും നീട്ടിക്കൊടുക്കുന്നതിൽ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സംവരണം എല്ലാ കാലത്തേയ്ക്കുമുള്ള ഒരു മുദ്രാവാക്യമല്ലായെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ സമൂഹത്തിൽ സന്തുലിതാവസ്ഥ കൈവരുന്നതുവരെ സംവരണം നിലനിർത്തേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തിൽ ഭരണഘടനയിൽ അതതു ഘട്ടത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന ധാരണ ഗവൺമെന്റിനുണ്ടോ ; അങ്ങനെയുണ്ടെങ്കിൽ ഭരണഘടനാ ഭേദഗതിക്കുവേണ്ടി ശുപാർശ ചെയ്യുമോ ?

ശ്രീ. ഇ. കെ. നായനാർ : ഭേദഗതികൾ ആവശ്യമാണ്. നമ്മുടെ സർക്കാരിന് അതു ചെയ്യാവുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : മേൽത്തട്ടു സംബന്ധിച്ചുള്ള പരിധി ഉയർത്തുന്നതിന് പുതിയ കമ്മീഷൻ ശുപാർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രവരെ പരിധി ഉയർത്താമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത് ?

ശ്രീ. ഇ. കെ. നായനാർ : കമ്മീഷന്റെ ശുപാർശ ലഭിച്ചുവെങ്കിലും നിയമപരമായ നടപടി സ്വീകരിച്ച് ഭേദഗതി വരുത്തുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പി.എസ്.സി.യിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണ് ജോസഫ് കമ്മീഷനെയും കോടതിയെയും തെറ്റിദ്ധരിപ്പിക്കുന്ന കണക്കുകൾ തയ്യാറാക്കി 1997 മേയ് മാസത്തിൽ കമ്മീഷന് സമർപ്പിച്ചിരുന്നതെന്നും 1997-ലും 1998-ലും നടന്ന നിയമനങ്ങളിൽ പിന്നോക്കക്കാർക്ക് ലഭിച്ച പ്രാതിനിധ്യം പെരിപ്പിച്ചുകാണിച്ച് മറ്റൊരു കള്ളക്കണക്ക് ചമച്ച് സംവരണത്തിന് എതിരെ സുപ്രീംകോടതിയിൽ സ്പെഷ്യൽ റിട്ട് പെറ്റീഷൻ നൽകാൻ എൻ.എസ്.എസ്-ന് കൈമാറി എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിലാണ് എൻ.എസ്.എസ് സംവരണത്തിനെതിരെ സ്റ്റേ സമ്പാദിച്ചതെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഇന്നലെ ഇതിനെ സംബന്ധിച്ച് പി.എസ്.സി. ചെയർമാനുമായി ചർച്ച ചെയ്തു. അദ്ദേഹം പറഞ്ഞു, ഇത്തരം ആരോപണങ്ങൾ ശരിയല്ലായെന്ന്. അവർ കൃത്യമായിട്ടാണ് കൊടുത്തതെന്നും പിന്നെയും കൊടുത്തതിൽ പിന്നോക്ക സമുദായത്തിന് അനുകൂലമായിട്ടാണ് വന്നിട്ടുള്ളതെന്നും അല്ലാതെ ഇത്തരം ആരോപണങ്ങൾ ശരിയല്ലായെന്നുമാണ് പി.എസ്.സി. ചെയർമാനുമായിട്ട് സംസാരിച്ചപ്പോൾ പറഞ്ഞത്. ഇതാണ് വസ്തുത.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : 50 ശതമാനം സംവരണം നിലനിൽക്കെതന്നെ പി. എസ്.സി.യിൽ ഈ അടുത്ത കാലത്ത് പ്ലാന്റേഷൻ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. അതിൽ 16 പേരാണ് അപേക്ഷിച്ചിരുന്നത്. 50 ശതമാനം സംവരണം ഏർപ്പെടുത്താൻ കഴിയാത്ത തരത്തിൽ അതിൽ വെറും രണ്ടുപേർ മാത്രമാണ് പിന്നോക്ക ജനവിഭാഗങ്ങളിലുള്ളവർ എന്നുള്ള സത്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പിന്നോക്ക ജനവിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം എല്ലാ വകുപ്പുകളിലും

ഉറപ്പാക്കുന്നതിനുവേണ്ടി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുവന്നാൽ അത് പരിശോധിക്കുന്നതാണെന്നും പരിഗണിക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എല്ലാ വകുപ്പുകളിലും മതിയായ പ്രാതിനിധ്യമുണ്ടോ ഇല്ലയോ എന്നതു സംബന്ധിച്ച് നമ്മുടെ ഗവൺമെന്റിന്റെ പക്കൽതന്നെ കണക്കുള്ളപ്പോൾ ഒരു നരേന്ദ്രൻ കമ്മീഷൻ റിപ്പാർട്ടിനെ കാത്തിരിക്കേണ്ട ആവശ്യമുണ്ടോ ; എല്ലാ ഉദ്യോഗസ്ഥന്മാരുടേയും കണക്കുകൾ നമ്മുടെ ഗവൺമെന്റിന്റെ പക്കലുണ്ട്. അതുകൊണ്ട് അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ?

ശ്രീ. ഇ. കെ. നായനാർ : ഒരു ന്യായാധിപന്റെ വിദഗ്ദ്ധ അഭിപ്രായം കേട്ട് നടപ്പാക്കാനാണ് നരേന്ദ്രൻ കമ്മീഷനെ വച്ചത്. നമ്മൾ മാത്രം ചെയ്താൽ അപ്പുറവും ഇപ്പുറവും കുഴപ്പമുണ്ടാകും. ഏതായാലും ഒരു ജസ്റ്റീസ് ഇരിക്കട്ടെയെന്ന് വച്ചതാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയാൽ നമുക്ക് ഇതൊക്കെ ചെയ്യാം. പിന്നോക്ക സമുദായത്തിന്റെ സംവരണമൊന്നും നഷ്ടപ്പെടാതിരിക്കാൻ വേണ്ടതുപെയ്യാം. നമ്മൾ ഇപ്പോൾ ഒന്നു ചെയ്താൽ പ്രതിപക്ഷം മറ്റൊന്നായിരിക്കും പറയുക. ആ കുഴപ്പവും വയ്യാവേലിയും വേണ്ട. ഒരു ജസ്റ്റീസ് തന്നെ ഇരിക്കട്ടെ.

ശ്രീ. കെ. മുഹമ്മദാലി : പി.എസ്.സി. തെറ്റായ രേഖകൾ നൽകിയത് കൊണ്ടാണ് ജോസഫ് കമ്മീഷൻ പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തിന് പ്രതികൂലമായ നിഗമനത്തിൽ എത്തുവാൻ ഇടയായതെന്നതും സുപ്രീംകോടതി വിധിയുണ്ടായതെന്നതും സജീവമായി ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, പി.എസ്.സി. ചെയർമാനുമായി നടത്തിയ ചർച്ചകളിൽ നിന്നും അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്ന് പറഞ്ഞു. ആ സ്ഥിതിക്ക് യഥാർത്ഥ വസ്തുത അറിയാൻ ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : തീർച്ചയായും അന്വേഷണം നടത്താം. ഇപ്പോൾ മൂന്നു പേരടങ്ങുന്ന കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അവരോട് കൂറ്റകൃത്യങ്ങളുണ്ടോ ; എന്തെല്ലാമാണ് പോംവഴിയെന്ന് അവരോടുതന്നെ അന്വേഷിക്കാം.

ശ്രീ. കെ. മുഹമ്മദാലി : പിന്നോക്ക ജനവിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണാനുകൂല്യം ഇവിടെയിപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നംമൂലം നഷ്ടപ്പെടാതിരിക്കാൻവേണ്ടി അടിയന്തിരമായി വരുമാനപരിധി ഉയർത്തുന്ന കാര്യത്തിൽ ഗവൺമെന്റിന് തീരുമാനമെടുക്കാൻ കഴിയുമോ ?

ശ്രീ. ഇ. കെ. നായനാർ : സുപ്രീംകോടതിയുടെ തീരുമാനത്തിൽ നമുക്കൊന്നും പറയാൻ പാടില്ല. ഗവൺമെന്റിന് വരുമാനം വർദ്ധിപ്പിക്കണമെന്ന അഭിപ്രായമുണ്ടെങ്കിലും നമുക്കിപ്പോൾ അത് നിർവഹിക്കണമെങ്കിൽ കമ്മീഷന്റെ, സുപ്രീംകോടതിയുടെ ജസ്റ്റിസ് അടക്കമുള്ളവരുടെ അനുവാദം വേണം. കമ്മീഷന്റെ അനുവാദമില്ലാതെ ഒന്നും ചെയ്യാൻ പറ്റില്ല. വർദ്ധിപ്പിക്കണമെന്ന് നമുക്ക് അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ സംവരണതത്വങ്ങൾ ശരിയായി പാലിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംവരണം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇത്തരം അപാകതകൾ ഉണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കുന്നതാണ്. പരിഹരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : കേരളത്തിൽ മേൽത്തട്ട് നടപ്പാക്കുന്നതിലുള്ള വ്യവസ്ഥകൾ, ജോസഫ് കമ്മീഷൻ ശുപാർശ ചെയ്തതിനുശേഷം ആ ശുപാർശകൾ നടപ്പാക്കുന്നതിനെക്കുറിച്ച് കേരളാ ഗവൺമെന്റിന്റെ അഭിപ്രായം സുപ്രീംകോടതി ആരാഞ്ഞു എന്നും സുപ്രീംകോടതിയുടെ കമ്മ്യൂണിക്കേഷന് കേരളാ ഗവൺമെന്റ് നൽകിയ മറുപടിയിൽ അതിനെക്കുറിച്ച് യാതൊരു അഭിപ്രായവും പറഞ്ഞില്ല എന്നും കേരള കൗമുദി പത്രത്തിൽ ഒന്നാം പേജിൽ വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് വാർത്ത വന്നിട്ടുണ്ട്. അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഇല്ല എന്നാണ് എന്റെ അഭിപ്രായം. ഞാൻ മനസ്സിലാക്കിയത് ഇപ്പോൾ പറയുവാൻ കഴിയുകയില്ല. പിന്നീട് അന്വേഷിച്ചിട്ട് പറയാം. ഇന്നലെവരെ ഞാൻ മനസ്സിലാക്കിയത് ആ തരത്തിൽ നല്ലൊരു ക്യാമ്പയിൻ നടക്കുന്നുണ്ട് എന്നാണ്. ഇന്നലെ പി.എസ്.സി. ചെയർമാനും ഞാനുമായി നേരിട്ട് കുറെ മണിക്കൂറുകൾ സംസാരിച്ചു. അതു ശരിയല്ല, പിന്നെയും അര ശതമാനം പിന്നോക്കക്കാർക്കാണ് ലഭിക്കുന്നത് എന്ന് അദ്ദേഹം പറയുകയുണ്ടായി. ഏതായാലും അത് അന്വേഷിക്കാം.

ശ്രീ. എ. കെ. ആന്റണി : എന്റെ ചോദ്യം അതല്ല. ജോസഫ് കമ്മീഷന്റെ റിപ്പോർട്ട് സുപ്രീംകോടതിക്ക് ലഭിച്ചതിനുശേഷം ആ കമ്മീഷന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുമുമ്പ് ആ വ്യവസ്ഥകളെക്കുറിച്ച് കേരളാ ഗവൺമെന്റിന് എന്തെങ്കിലും പറയുവാൻ ഉണ്ടോയെന്ന് സുപ്രീംകോടതി എഴുതി ചോദിച്ചിരിക്കുന്നുവെന്നും അപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും വന്നില്ല ഗവൺമെന്റ് നിശബ്ദത പാലിച്ചുവെന്നും, കുറച്ച് പിന്നോക്ക സമുദായങ്ങളെക്കൂടി കൂട്ടിചേർക്കണമെന്ന അഭിപ്രായം അല്ലാതെ ജോസഫ് കമ്മീഷൻ ശുപാർശകളെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം ചോദിച്ചിട്ട് ഗവൺമെന്റ് നിശബ്ദത പാലിച്ചു എന്നാണ് ഇന്നലത്തെ കേരള കൗമുദി പത്രത്തിൽ വന്ന വാർത്ത. അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഇല്ല. ഞങ്ങൾക്ക് ചില അഭിപ്രായങ്ങൾ ഉണ്ട്. അത് പുറത്തു പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ് സുപ്രീംകോടതിയിൽ പോയിട്ടുള്ളത്. വരുമാനത്തെപ്പറ്റിയൊക്കെ നമുക്ക് ഡിഫറൻസ് ഓഫ് ഒപ്പീനിയൻ ഉണ്ട്. വികലമായി പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ പറയാത്തത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : നരേന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഓരോ വിഭാഗങ്ങൾക്കും അർഹതപ്പെട്ട നിയമനങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : മൂന്നുപേർ അടങ്ങിയ ഒരു കമ്മീഷൻ ഉണ്ട്. അവർ അതിനെപ്പറ്റിയെല്ലാം അന്വേഷിക്കുന്നുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞില്ല. നരേന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഓരോ സമുദായത്തിനും അർഹതപ്പെട്ട ശതമാനം കാട്ട ലഭിച്ചോ എന്നത് പരിശോധിക്കുവാൻകൂടി ആവശ്യപ്പെടുമോ ?

ശ്രീ. ഇ. കെ. നായനാർ : അനുബന്ധമായി ചേർത്തിട്ടുള്ള മറുപടിയിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. 924/2010

ശ്രീ. പി. കെ. അബ്ദുറബ്ബ് : പി.എസ്.സി. നിർത്തിവച്ച നിയമനങ്ങൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചതായി അറിഞ്ഞു. പിന്നോക്ക വിഭാഗക്കാർക്ക് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ക്രീമിലയറിൽപ്പെടുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നൽകുവാൻ തീരുമാനിച്ചതായി അറിയുവാൻ കഴിഞ്ഞു. മൂന്നര ലക്ഷം രൂപയായി വരുമാനപരിധി ഉയർത്തണം എന്നുള്ളത് എല്ലാ വിഭാഗക്കാരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. ഇപ്പോൾ വില്ലേജ് ഓഫീസർക്ക് ഒന്നര ലക്ഷം രൂപ വരുമാന പരിധിവച്ചു മാത്രമേ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ധാരാളം പിന്നോക്ക വിഭാഗക്കാർക്ക് ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സിക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അല്ലാതെ ഞങ്ങൾ ഒറ്റയ്ക്ക് എടുത്ത തീരുമാനമല്ല. അതേസമയം ഒന്നര ലക്ഷം രൂപയുടെ പരിധി കണക്കാക്കി ഇപ്പോൾ നിയമനം നടത്തണമോ എന്ന കാര്യം നമ്മൾ ഉന്നതമായിട്ട് അന്വേഷിക്കേണ്ടതുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സുപ്രീംകോടതി വിധിക്ക് മുൻപുണ്ടായിരുന്ന നില പുനഃസ്ഥാപിക്കുവാൻ ആവശ്യമായ പുതിയ നിയമങ്ങൾ എത്രയും പെട്ടെന്ന് കൊണ്ടുവരാനും പിന്നോക്ക വിഭാഗക്കാരായ മുഴുവൻ ആളുകൾക്കും സംവരണം ലഭ്യമാക്കാനുമായി എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇതു സംബന്ധിച്ച് സുപ്രീംകോടതി ഉന്നത കമ്മീഷനുമായി ബന്ധപ്പെട്ട ഒരു പ്രമേയം പാസ്സാക്കി അയയ്ക്കാം. അതിന് തടസ്സം ഇല്ല.

ശ്രീ. നാലകത്ത് സൂപ്പി : പി.എസ്.സി.യിൽ നിന്ന് തെറ്റായ കണക്ക് ചില ആളുകൾക്കും ജോസഫ് കമ്മീഷനും വേറെ ചില സ്വകാര്യ ഏജൻസികൾക്കും കൊടുത്തു എന്ന വാർത്ത പത്രത്തിൽ വന്നു. ഇന്ന് ഇവിടെ ഉന്നയിച്ച ആറ് ചോദ്യങ്ങളിൽ അഞ്ചും ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ആയിരുന്നു. ബഹുമാനപ്പെട്ട അങ്ങ് ഉപചോദ്യങ്ങൾക്ക് മറുപടി പറഞ്ഞത് രേഖാമൂലം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ല എന്നാണ്. ഈ സംസ്ഥാനത്ത് ഇത്ര വ്യാപകമായ ഒരു കാര്യം, വിശദീകരിച്ചുവന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? രേഖാമൂലം കിട്ടിയില്ല എന്ന ന്യായം പറഞ്ഞ് ഇതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്. പി.എസ്.സി. നടത്തിയ തെറ്റായ നടപടിയെ അങ്ങ് അംഗീകരിക്കുകയാണ്. അങ്ങ് ന്യായീകരിക്കുവാൻ ശ്രമിക്കുകയാണ്. ഇതു സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത് നാളെ കാളിംഗ് അറ്റൻഷൻ വരും. ഇത് പത്രങ്ങളിൽ വന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : രേഖാമൂലം കിട്ടാതെ പറഞ്ഞാൽ അതുതന്നെ നിങ്ങൾ എടുത്തു ഉദ്ധരിക്കുമെന്ന് എനിക്ക് അറിയാം. വിശദമായി രേഖാമൂലം കിട്ടിയാലേ എനിക്ക് പറയുവാനാകൂ. രേഖാമൂലം കിട്ടിയില്ല. പത്രങ്ങളിൽ ഇങ്ങനെയൊക്കെ അടിച്ചുവിടും. അനുകൂലവും പ്രതികൂലവുമായ പല പത്രങ്ങളുമുണ്ട്. അങ്ങനെ പത്രങ്ങളിൽ അടിച്ചുവിടുമ്പോൾ അതിനെ അടിസ്ഥാനപ്പെടുത്തി മറുപടി പറയുവാൻ കഴിയുമോ ; രേഖാമൂലം അറിയണ്ടേ ; അതുകൊണ്ടാണ് രേഖാമൂലം അറിയണമെന്ന് പറഞ്ഞത്. അതുകൊണ്ടാണ് ഇന്നലെ പി.എസ്.സി. ചെയർമാനെ കാണണമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തോട് സംസാരിച്ചത്. അദ്ദേഹം പറഞ്ഞു എന്നെപ്പറ്റി ആക്ഷേപം ഉണ്ട് എന്നൊക്കെ. ഞാൻ പറഞ്ഞു, ഞാൻ അസംബ്ലിയിൽ പറയാം എന്ന്. എന്താണ് കുഴപ്പമെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്ന് ശ്രീ. ഗോപാലകൃഷ്ണപിള്ള നിരാകരിച്ചുകൊണ്ട് ഇന്നലെ നേരിട്ട് സംസാരിച്ചു. അതാണ് ഞാൻ പറഞ്ഞത്, രേഖാമൂലം കിട്ടിയാൽ രേഖാമൂലം പരിശോധിക്കാമെന്ന്.

ശ്രീ. നാലകത്ത് സൂപ്പി : ബഹുമാനപ്പെട്ട അങ്ങ് തന്നെ ഈ കാര്യത്തിൽ അന്വേഷണം നടത്തുമെന്ന് സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടുണ്ട്. അത് എന്ത് അടിസ്ഥാനത്തിലാണ് ?

ശ്രീ. ഇ. കെ. നായനാർ : ഞാൻ അങ്ങനെ സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടില്ല.

ശ്രീ. നാലകത്ത് സൂപ്പി : അങ്ങ് പറയുന്നത് ശരിയല്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ഉപചോദ്യത്തിൽ അനുബന്ധമായി പറഞ്ഞു, സുപ്രീംകോടതി സമർപ്പിച്ച രേഖ പ്രസിദ്ധീകരിച്ചുകൂടെ ? അതിൽ സീക്രസി ഇല്ലല്ലോ ? സുപ്രീംകോടതിയിൽ ബഹുമാനപ്പെട്ട കേരളാ ഗവൺമെന്റിനുവേണ്ടി കൊടുത്ത മണ്ഡൽകേസ്സിലെ രേഖ എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല. കേരള കൗമുദി പത്രം ജഡ്ജ്മെന്റിന്റെ ഭാഗമാണ് കാട്ട് ചെയ്തത്. ഗവൺമെന്റ് കോടതി തീരുമാനിക്കട്ടേ എന്നുള്ള രീതിയിൽ കേസ് മാറ്റിവച്ചു. നിലവിലുള്ള വക്കീലിനെ മാറ്റി വേറെ ആളെ നിയമിച്ചു. സുപ്രീംകോടതി വ്യവസ്ഥ നടപ്പാക്കണമെന്ന് വളരെ കണിശമായ വിധത്തിൽ പറയുവാനുണ്ടായ കാരണമെന്താണെന്നാണ് ചോദ്യം ?

ശ്രീ. ഇ. കെ. നായനാർ : എന്റെ അഭിപ്രായം അല്ല അത്. നിങ്ങളുടെ അഭിപ്രായം നിങ്ങൾ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ഉന്നത തസ്തികകളിൽ സംവരണ തത്വം പാലിക്കുന്നില്ല. നിലവിലുള്ള ചട്ടങ്ങൾ അതിനു തടസ്സമാണ്. അത് കണക്കിലെടുത്ത് ഉയർന്ന തസ്തികകളിലും പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : അത് പ്രത്യേകിച്ച് രേഖാമൂലം എഴുതി തന്നാൽ തീർച്ചയായിട്ടും നടപടി സ്വീകരിക്കും.

ശ്രീ. നാലകത്ത് സൂപ്പി : എഴുതി തരണമെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. ഇ. കെ. നായനാർ : ചോദ്യം ഇപ്പോഴാണ് അറിഞ്ഞത്. ഇത് മുൻകൂട്ടി തന്നിരുന്നുവെങ്കിൽ നടപടി സ്വീകരിക്കുമായിരുന്നു.

ശ്രീ. പി. നാരായണൻ : ക്രീമിലെയർ പ്രശ്നത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുവാൻ പര്യാപ്തമായ വിധത്തിൽ അത് പരിഹരിക്കുന്നതിന് ഭരണഘടന, ഭേദഗതിക്ക് എതിരായി കേരള ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇത് സംബന്ധിച്ച് നമുക്ക് യോജിച്ച ഒരു പ്രമേയം പാസ്സാക്കാം.

പ്രൊഫ: മീനാക്ഷി തമ്പാൻ : ക്രീമിലെയർ ഉൾപ്പെടെയുള്ള സംവരണ പ്രശ്നങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷൻ ഏതെങ്കിലും ഇന്റെറീം റിപ്പോർട്ട് തന്നിട്ടുണ്ടോ, അത് അനുസരിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനങ്ങളിലുള്ള പ്രാതിനിധ്യത്തെ കുറിച്ച് സർക്കാരിന് വ്യക്തമായ കണക്കുകളുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : നരേന്ദ്രൻ കമ്മീഷന്റെ ഒരു റിപ്പോർട്ട് ലഭിച്ചു. അതാണ് പി.എസ്.സി.യുമായി ബന്ധപ്പെട്ട റിപ്പോർട്ട്, വേറെ റിപ്പോർട്ടൊന്നും കിട്ടിയിട്ടില്ല. കിട്ടിയാൽ പറയാം.

മി. സ്പീക്കർ : ചോദ്യോത്തര സമയം കഴിഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ് : എനിക്ക് ചോദ്യം അനുവദിച്ചില്ല.

മി. സ്പീക്കർ : ഇങ്ങനെ ചോദ്യം എത്രയെന്ന് അറിയാമോ ; എല്ലാപേർക്കും അനുവദിച്ചു കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. ആറു ചോദ്യം ഒരുമിച്ച് ക്ലബ് ചെയ്യുകയായിരുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ചോദ്യം ചോദിച്ചാൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽവരും. ഗവൺമെന്റ് നടപടി സ്വീകരിക്കും. എന്നാലും എഴുതി തരണമെന്ന് മുഖ്യമന്ത്രി പറയും. പിന്നെ ഞാൻ ചോദിച്ചിട്ട് കാര്യമില്ലല്ലോ ? ഞാൻ ചോദിക്കാത്തതുകൊണ്ട് കുഴപ്പമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8(*30) ദയവായി കാണുക]

SUPREME COURT DIRECTION
MOST IMMEDIATE

GOVERNMENT OF KERALA

No. 18535/ Adv.C3/99 P&ARD,
Personnel and Administrative
Reforms (Advice-C) Department,
Thiruvananthapuram,
Dated:- 17-12-1999.

CIRCULAR

The Supreme Court in its judgement dated 13-12-1999 in I.A.S. No.35-36 in W.P.(c) No.930/1990 with W.P. (c) Nos. 699/95 and 727/95, IA. 2/99, I.As. 8 and 9 in W.P.(c) No.699/95(Indira Sawhney Vs. Union of India and others) has issued certain directions regarding the selection and appointment of members of the backward classes in the public service in the state. Pending detailed instructions in the matter, all appointing authorities including public sector undertakings, co-operative societies etc., are directed not to make appointment to any post coming under their jurisdiction until further orders, even in cases where the Kerala Public Service Commission has issued advice memos.

M. MOHANKUMAR,

Chief Secretary

To

All Heads of Department/Appointing authorities and offices.

The Chief Executive of all Government Owned Publlic Sector undertaing, Companies, Corporations, Autonomous Bodies, Co-operative society.

All Departments of the Secretariat including Law and Finance.

All District Collectors.

LIBRARY ARCHIVES Kerala Legislative Assembly

The Accountant General (Accounts and Entitlements), Kerala, Thiruvananthapuram (with C.L)

The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.)

The Secretary, Kerala Public Service Commission (with C.L.)

The Secretary, Legislature Secretariat (with C.L.)

All Principal Secretaries/Secretaries/S. Secretaries to Goveernment.

The Registrar, University of Kerala/ Kozhikode/ Kochi/Kannur (withC.L.)

The Registrar, Mahatma Gandhi University, Kottayam (with C.L.)

The Registrar, Kerala Agricultural University Thrissur (with C.L.)

The Registrar, High Court of Kerala, Ernakulam (with C.L.)

The Registrar, Sree Sankaracharya University of Sanskrit, Kalady, Ernakulam.

The Managing Director, K.S.R.T.C., Thiruvananthapuram (withC.L.)

The secretary K.S.E.B., Thiruvananthapuram (with C.L.)

The Advocate General, Ernakulam.

The Private Secretary to the Chief Minister and other Ministers.

The Private Secretary to the Leader of Opposition, Contonment House, Thiruvananthapuram.

The Private Secretary to the speaker /Deputy Speaker, Government Chief Whip, Legislative Assembly, Thiruvananthapuram .

The Secretary to the Governor, Raj Bhavan, Thiruvananthapuram

The Additional Secretary to the Chief Secretary.

The Director of Public Relations.

Stock File.

LIBRARY ARCHIVES Kerala Legislative Assembly